- നെഞ്ചംപറമ്പിലെ കിണറ്റിലിട്ട എൻഡോസൾഫാൻ പരിശോധിക്കുമെന്ന് ഉറപ്പിച്ചതാണ്. നടന്നിട്ടില്ല.
- വർഷത്തിലൊരിക്കൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും നടത്തിയിട്ടില്ല.
- ബഡ്സ് സ്കൂളുകൾ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റിന്റെ അടിയിലാണ് പല സ്കൂളുകളും പ്രവർത്തിക്കുന്നത്.
- മരിച്ചവരുടെ കുടുംബങ്ങൾക്ക് പലർക്കും സഹായധനം ലഭിച്ചിട്ടില്ല. ഭാഗികമായ തുകയാണ് മരിച്ചവരുടെ ആശ്രിതർക്ക് കിട്ടിയത്.

(സി) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയെത്തുടർന്ന് സമരം അവസാനിപ്പിച്ചു

ദേശീയ ഗെയിംസ്

6 (*6) ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേശീയ ഗെയിംസ് നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) സ്പോർട്സ് രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം കൈവരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൌകര്യങ്ങളാണ് സ്പോർട്സ് രംഗത്ത് ഇത് മൂലം ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ വേദികളിൽ വച്ച് നടക്കുകയുണ്ടായി. (ദേശീയ ഗെയിംസ് നടന്ന വേദികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.)*

(ബി&സി) കേരളത്തിലെ കായിക പ്രേമികളും, സാധാരണക്കാരും ഒരേ മനസ്സോടെയാണ് ദേശീയ ഗെയിംസിന്റെ ഭാഗമായത്. മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും ഉന്നതനിലവാരമുള്ള കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ ഭാവിയിൽ പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അവസരമൊരുക്കി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും 35 കോടി രൂപയ്ക്കുള്ള കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായികമേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തരാക്കും എന്ന് ഉറപ്പാണ്. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളീബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

ദേശീയ ഗെയിംസിനായി പുതുതായി നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധം -2* ആയി ചേർത്തിരിക്കുന്നു.

സംസ്ഥാന വിജിലൻസ് സംവിധാനം

7(*7) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തെ സംബന്ധിച്ച കേരള ഹൈക്കോടതിയുടെ വിമർശനം ഗൗരവതരമായി കണക്കിലെടുത്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly